ജി. അദ്ദേഹത്തിന്റെ കൃതികളിൽ, ഗ്രന്ഥങ്ങളിൽ, എന്നുമെന്നും ജീവിക്കും. ഈ ഗ്രന്ഥങ്ങളോടൊപ്പം, ഗ്രന്ഥകാരന്റെ കലീനവും സുന്ദരവുമായ ശരീരവടിവു പ്രദർശിപ്പിക്കുന്ന ചിത്രങ്ങളംകൂടി, ഗ്രന്ഥശാലകളിൽ ഉണ്ടായിരിക്കുന്നതു് ആശാസ്യമാണ്.

മഹാകവി ജി.ക്കു് എന്റെ നമസ്കാരം!

(തിരുവനന്തപുരം പബ്ലിക് ലൈബ്രറിയിൽ 1985 ജൂൺ 3–ാം തിയതി ചേർന്ന യോഗത്തിലെ അദ്ധ്യക്ഷപ്രസംഗം)

# 73. പി. എ. വാരിയർ

ജീവിതത്തെ അതിന്റെ എല്ലാ ഭൗതിക—ധൈഷണിക—വൈകാരിക സൗഭാഗ്യങ്ങളോടുംകൂടി സാക്ഷാല്ക്കരിക്കുവാൻ നിരന്തരം യത്നിച്ചുപോന്ന ഒരു സഹൃദയനായിരുന്നു 1985 ജൂലൈ 15–ാംതീയതി തിരുവനന്തപുരത്തു വെച്ചു് അറുപത്തഞ്ചാംവയസ്സിൽ അന്തരിച്ച പി. എ. വാരിയർ. അദ്ദേഹവുമായി നാലു ദശാബ്ദത്തിലേറെ നീണ്ടുനിന്ന മൈത്രീബന്ധമുള്ള എന്റെ ഓർമയിൽ, അദ്ദേഹത്തെപ്പററി ചിന്തിക്കുമ്പോഴെല്ലാം, ആദ്യമായി തെളിഞ്ഞുവരുന്ന രൂപം ഒരു സ്പോർട്സ്സ്മാന്റേതാണ്—താംബരത്തു് ബാഡ്മിന്റണും തൃശ്ശൂരിൽ ടെന്നീസ്സും തിരുവനന്തപുരത്തു് ടേബിൾ ടെന്നീസ്സും കളിക്കുന്നതിനൊരുങ്ങിയോ, കളി കഴിഞ്ഞു വിയർത്തോ, വരുന്ന അരോഗസുന്ദരമായ രൂപം. പില്ക്കാലത്തു ശക്തിയേറിയ ആസ്ത്മയുടെ ആക്രമണത്തിനു് ഇരയായിത്തീർന്നിട്ടും, സ്പോർട്സിലുള്ള താല്പര്യം ഏതാണ്ടു ജീവിതാന്ത്യംവരെ അദ്ദേഹം നിലനിർത്തിപ്പോന്നു.

സ്പോർട്സിലുള്ള താല്പര്യംപോലെതന്നെ, സ്പോർട്സ്മാന്റെ നിത്യപ്രസാദാത്മകമായ ജീവിതവീക്ഷണവും, പരിതസ്ഥിതികൾ വളരെയേറെ പ്രതികൂലമായപ്പോഴും, പി. എ. കൈവിട്ടുകളഞ്ഞില്ല. അദ്ധ്യാപകനെന്ന നിലയിൽ മദ്രാസ് ക്രിസ്ത്യൻ കോളേജിലും തൃശ്ശൂർ സെൻറ് തോമസ് കോളേജിലും ഉണ്ടായിരുന്ന അനേകം വിദ്യാർത്ഥികളുടെ ആരാധന അദ്ദേഹത്തിനു നേടിക്കൊടുത്തതു്, താൻ പഠിപ്പിച്ചിരുന്ന മലയാളസാഹിത്യത്തിലുണ്ടായിരുന്ന അവഗാഹത്തോടൊപ്പം അദ്ദേഹത്തിന്റെ സ്വഭാവസവിശേഷതയായിരുന്ന ഈ പ്രസാദാത്മകതകൂടിയായിരിക്കണം.

ഏതെങ്കിലും രാഷ്ട്രീയപ്പാർട്ടിയിൽ പി. എ. വാരിയർ എപ്പോഴെങ്കിലും അംഗമായിരുന്നോ? എനിക്കു് അറിഞ്ഞുകൂടാ. എന്റെ വിശ്വാസം ഒരിക്കലും അദ്ദേഹം ഒരു പാർട്ടിയിലും അംഗമായിരുന്നില്ലെന്നാണ്. എന്നാൽ, ഇടതുപക്ഷ രാഷ്ട്രീയച്ഛായ്വിന്റെ പേരിൽ ഏററവുമധികം പീഡനം അനുഭവിക്കാൻ വിധിക്കപ്പെട്ട ഒരാളായിരുന്നു അദ്ദേഹം. കമ്യൂണിസ്റ്റ്പ്രസ്ഥാനവുമായി ബന്ധമോ അനുഭാവമോ ഉണ്ടെന്ന ആരോപണത്തെത്തുടർന്നാണ് അദ്ദേഹത്തിനു് തൃശ്ശൂർ സെൻറ്തോമസ് കോളേജിലെ ഉദ്യോഗം ഉപേക്ഷിക്കേണ്ടിവന്നതു്. ആ കലാലയത്തിൽ അദ്ദേഹത്തിന്റെ സമകാലികനും ഉററ സുഹൃത്തുമായിരുന്ന പ്രൊഫസ്സർ കെ. സി. പീററർക്കും ഇതേ വിധിതന്നെയാണുണ്ടായതെന്നു് ഇത്രയും കാലത്തിനുശേഷം ഓർമിക്കുക രസകരമാണ്. ഏതെങ്കിലും രാഷ്ട്രീയപ്പാർട്ടിയോടുള്ള ബന്ധമല്ല, ഒരു സവിശേഷ ജീവിതവീക്ഷണത്തോടുള്ള

പ്രതിബദ്ധതയും, അധികാരസ്ഥാനങ്ങരംക്കുമുമ്പിൽ ഏത്തമിടുകയില്ലെന്ന വാശിയുമാണു പ്രശസ്തരായ ഈ അദ്ധ്യാപകരെ അധികൃതരുടെ ദൃഷ്ടിയിൽ അനഭിലഷണീയരാക്കിത്തീർത്തതു്,

കോളേജിൽനിന്നു വിട്ടു് ആകാശവാണിയിൽ സമർത്ഥനെന്നു സർവ്വസമ്മതനായ പ്രൊഡ്യൂസർ ആയതിനുശേഷവും കമ്യൂണിസ്റ്റ് പാർട്ടിയുമായി ക്ലൂറുണ്ടെന്ന ആരോപണം പി. എ. യുടെ ഉദ്യോഗഭദ്രതയെ നിരന്തരം ഭീഷണിപ്പെടുത്തിക്കൊണ്ടിരുന്നു. കേരളഭാഷാ ഇൻസ്റ്റിററ്യൂട്ടിലെത്തിച്ചേർന്നതിനുശേഷം മാത്രമേ—അപ്പോഴേക്കും അദ്ദേഹത്തിനു് ഏതാണ്ടു മധ്യവയസ്സായിക്കഴിഞ്ഞിരുന്നു—പി. എ. ക്കു ജോലിസ്ഥിരത കൈവന്നുള്ളൂ.

സംസ്കൃതഭാഷയും സംസ്കൃതസാഹിത്യവും പഠിച്ചുവളർന്ന പി. എ. യുടെ സാഹിത്യവാസനയ്ക്കു പ്രത്യേക ശ്രമമൊന്നും കൂടാതെതന്നെ പോഷണം നൽകുന്നതായിരുന്നു അദ്ദേഹത്തിൻെറ കുടുംബാന്തരീക്ഷം. പി. എ. യുടെ മൂത്ത ജ്യേഷ്ഠനായിരുന്ന പുലാക്കാട്ടു് ശങ്കരവാരിയർ പ്രശസ്തനായ ഒരു കവിയും ഗദ്യലേഖകനുമായിരുന്നു പില്ക്കാലത്തു് ജ്ഞാനപീഠംസമ്മാനം നേടിയ മറാഠി നോവലിസ്റ്റ് വി. എസ്. ഖാണ്ഡേക്കറുടെ ഏതാനും നല്ല നോവലുകരം മലയാളത്തിലേക്കു് മനോഹരമായി വിവർത്തനംചെയ്ത പി. ആർ. വാരിയരും പി. എ. യുടെ സഹോദരനായിരുന്നു.

സാഹിത്യനിരൂപകനെന്ന നിലയിലാണു് പി. എ. മലയാളസാഹിത്യത്തിൽ സ്വന്തമായ ഒരു സ്ഥാനം ആർജിച്ചതു്. നിശിതമായ ത്യാജ്യ—ഗ്രാഹ്യ—വിവേകം, നിഷ്കൃഷ്ടമായ നിഷ്പക്ഷപാതിത്വം, നർമമധുരമായ പ്രതിപാദനശൈലി എന്നിവ അദ്ദേഹത്തെ വളരെവേഗം തന്നെ ശ്രദ്ധേയനാക്കി. അദ്ദേഹത്തിൻെറ ഈടുററ നിരൂപണലേഖനങ്ങളിൽ ചിലതെല്ലാം പില്ക്കാലത്തു് ഗ്രന്ഥരൂപത്തിൽ സമാഹരിക്കപ്പെട്ടിട്ടുണ്ടു്.

പി. എ. യുടെ മൗലികകൃതികളിൽ പ്രധാനപ്പെട്ടതു് ചവിട്ടിക്കുഴച്ച മണ്ണു്'' എന്ന നാടകമാകുന്നു. ഒരു ഇടത്തരം കുടുംബത്തിനുള്ളിലെ സംഘർഷങ്ങളെ അനുഭൂതിതീവ്രതയോടെ ആവിഷ്കരിക്കുന്ന ഈ നാടകം അരങ്ങത്തു വളരെ ഫലപ്രദമായി അവതരിക്കപ്പെട്ടിട്ടുണ്ടു്. എന്നാൽ, ഇതിൻെറ ഫിലിം വിവർത്തനമായ 'അമ്മു' എന്തുകൊണ്ടോ ഒരു പരാജയമാവുകയാണുണ്ടായതു്.' ചവിട്ടിക്കുഴച്ച അമ്മു' എന്ന പേരിലാണു് ഈ ഫിലിം വിവർത്തനത്തെ പ്രശസ്ത നിരൂപകനായ 'സിനിക്'' വിമർശിച്ചതു്.

വിവർത്തകനെന്ന നിലയിലും മലയാളസാഹിത്യത്തിനു ഗണ്യമായ സേവനം പി. എ. നൽകിയിട്ടുണ്ടു്. അദ്ദേഹത്തിൻെറ വിവർത്തനങ്ങളിൽ പ്രധാനപ്പെട്ടതു് യശ്പാലിൻെറ 'നിറം പിടിപ്പിച്ച നുണകരം' എന്ന ബൃഹത്തായ നോവലാകുന്നു.

എന്നാൽ, ബാലസാഹിത്യ മേഖലയിലുള്ള അദ്ദേഹത്തിൻെറ പ്രവർത്തനങ്ങളാണു് ഏററവുമധികം വിളവു നൽകിയിട്ടുള്ളതു്. കുട്ടികരംക്കു വേണ്ടിയുള്ള ആനുകാലികങ്ങരം കേരളത്തിൽ സാമ്പത്തിക വിജയങ്ങളായിക്കൂടെന്നില്ലെന്നു് ആദ്യമായി തെളിയിച്ചതു് പി. എ. വാരിയർ വളരെ സമർത്ഥമായി നടത്തിവന്ന 'പൂമ്പാററ'യെന്ന മാസികയായിരുന്നു. തൊഴിൽക്കുഴപ്പത്തിൽപ്പെട്ടു പ്രസ്സ് നഷ്ടപ്പെട്ടതു നിമിത്തമാണു്, സ്വയം പര്യാപ്തമായിരുന്ന ആ മാസികാപ്രവർത്തനം അദ്ദേഹത്തിനു കൈയൊഴിക്കേണ്ടിവന്നതു്. കൈരളി ചിൽഡ്രൻസ് ബുക്ക്ട്രസ്റ്റ് പ്രസിദ്ധീകരിച്ച 'മഹച്ചരിതമാല'യുടെ ജനറൽ എഡിററർ അദ്ദേഹമായിരുന്നു. സാ

ഹിത്യവശം ശ്രദ്ധിക്കുന്നതിന് പി. എ. യും വ്യവസായവശം ശ്രദ്ധിക്കുന്നതിന് ഡി. സി. യും ഉണ്ടായതിനാലാണ് 'മഹച്ചരിതമാല' അഭൂതപൂർവമായ ഒരു വിജയമായിത്തീർന്നത്. പന്ത്രണ്ട് വാല്യങ്ങളായി ചിൽഡ്രൻസ് ബുക്ക്ട്രസ്റ്റ് പ്രസിദ്ധീകരിക്കുന്ന, ഇതിനകം പ്രഖ്യാതമായിക്കഴിഞ്ഞ, 'സ്വാതന്ത്ര്യത്തിന്റെ കഥ' പി. എ. യുടെ കൃതിയാണ്. ഇതിൽ ഏഴു വാല്യങ്ങൾ എഴുതാനേ അദ്ദേഹത്തിനു കഴിഞ്ഞിട്ടുള്ളൂ.

കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിലെ ഒരു സീനിയർ ഓഫീസർ എന്ന നിലയിൽ പി. എ. നിർവഹിച്ച ഭാഷാസേവനം എടുത്തുപറയേണ്ട ഒന്നാണ്. കേരളത്തിൽ സർവകലാശാലാതലത്തിലുള്ള വിദ്യാഭ്യാസം മലയാളമാധ്യമത്തിലൂടെ നടത്തുക സാദ്ധ്യമാക്കുന്നതിനുള്ള സാഹചര്യങ്ങൾ സൃഷ്ടിക്കുകയായിരുന്നു ഭാഷാഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിച്ചതിന്റെ മുഖ്യലക്ഷ്യം. ഈ ലക്ഷ്യം നേടുന്നതിനായി വിവിധ വിഷയങ്ങളിൽ സർവകലാശാലാ നിലവാരമുള്ള പാഠപുസ്തകങ്ങൾ മലയാളത്തിൽ എഴുതിച്ച് പ്രസിദ്ധീകരിക്കുന്നതോടൊപ്പം, മാദ്ധ്യമമാററത്തിനു കോളേജ് അദ്ധ്യാപകരെ തയ്യാറാക്കുകയും വേണ്ടിയിരുന്നു. അന്നുണ്ടായിരുന്ന കേരള–കോഴിക്കോട് സർവകലാശാലകളുടെ നാമമാത്രമായ സഹകരണത്തോടെ, കേരളത്തിലുടനീളം, കോളേജ് അദ്ധ്യാപകരുടെ സമ്മേളനങ്ങൾ സംഘടിപ്പിക്കുന്നതിന്റെയും, മലയാളത്തിൽ നടത്തുന്ന മാതൃകാ ക്ലാസ്സുകളിലൂടെയും ചർച്ചകളിലൂടെയും മാദ്ധ്യമമാററത്തിന്റെ ആവശ്യകതയും സാദ്ധ്യതയും സുകരതയും കോളേജ് അദ്ധ്യാപകരെ ബോദ്ധ്യപ്പെടുത്തുന്നതിന്റെയും ചുമതല ഏറെറടുത്തതും, ഈ കർത്തവ്യം പ്രശംസാർഹമാംവിധം നിറവേററിയതും പി. എ. ആയിരുന്നു. ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ച സാങ്കേതിക ശബ്ദാവലികളുടെയും, പാഠപുസ്തകങ്ങളിൽ പലതിന്റെയും എഡിററർ എന്ന നിലയ്ക്കും അദ്ദേഹം വിലമതിക്കാനാവാത്ത സേവനമാണു നൽകിയിട്ടുള്ളത്. ആദ്യഘട്ടത്തിൽ കുറെ കാലത്തോളം പുസ്തകങ്ങൾ അച്ചടിപ്പിക്കുന്നതിന്റെയും വില്ക്കുന്നതിന്റെയും ചുമതലകൂടി അദ്ദേഹം നിർവഹിച്ചുവന്നു. 1968 മുതൽ 1975 വരെ, ഏഴുവർഷം, ഭാഷാ ഇൻസ്റ്റിററ്യൂട്ട് സംഘടിപ്പിക്കുന്നതിലും, അതിനൊരു കർമപരിപാടി ആവിഷ്കരിക്കുന്നതിലും, അതു നടപ്പിൽ വരുത്തുന്നതിലും, ഇൻസ്റ്റിററ്യൂട്ടിന്റെ സ്ഥാപകഡയറക്ടർ ആയിരുന്ന എനിക്ക് പി. എ. യിൽനിന്നു കിട്ടിയ സഹായം അളവററതായിരുന്നു എന്നു നന്ദിപൂർവം സ്മരിച്ചുകൊള്ളട്ടെ. അദ്ദേഹത്തിന്റെ സംഘടനാസാമർത്ഥ്യവും, ആകർഷകമായ പെരുമാററവും, വാഗ്മിത്വവും, സർവോപരി മധുരമായ വ്യക്തിത്വവും ഭാഷാ ഇൻസ്റ്റിററ്യൂട്ടിനു വളരെയധികം പ്രയോജനപ്പെട്ടിട്ടുണ്ട്.

1978–ൽ ഭാഷാ ഇൻസ്റ്റിററ്യൂട്ടിൽനിന്നു വിട്ടശേഷം പി. എ. തന്റെ മുഴുവൻ സമയവും സാഹിത്യപ്രവർത്തനത്തിനു വിനിയോഗിച്ചു. 'സ്റ്റേററ് ബാങ്ക് ഓഫ് ഇന്ത്യ' പ്രസിദ്ധീകരിച്ച 'ബാങ്കിങ്ങ്' ശബ്ദാവലി' മലയാളത്തിൽ തയ്യാറാക്കിയത് അദ്ദേഹമായിരുന്നു. കേരളസാഹിത്യ അക്കാദമി രണ്ടു വാല്യങ്ങളായി പ്രസിദ്ധീകരിച്ച 'ഭാരതീയ സാഹിത്യചരിത്ര'ത്തിന്റെ അസിസ്റ്റൻറ് എഡിറററായും പി. എ. സേവനമനുഷ്ഠിച്ചു. ഈ ഗ്രന്ഥത്തിലേക്ക് ഇംഗ്ലീഷിൽ എഴുതിക്കിട്ടിയ ലേഖനങ്ങൾ തെററുകൂടാതെ വിവർത്തനംചെയ്തു പ്രസിദ്ധീകരിക്കുകയെന്ന ക്ലേശകരമായ കാര്യത്തിൽ, അതിന്റെ ഡയറക്ടറും ചീഫ് എഡിറററുമായ ഡോ. കെ. എം. ജോർജിനു പി. എ. നൽകിയ സഹായം വിലമതിക്കാനാവാത്ത ഒന്നാണ്. മൂലലേഖനങ്ങളിലെ നോട്ടപ്പിശകുകൾ—തെററുകൾപോലും—തിരുത്താൻ പലപ്പോഴും വിപുലമായ ഗവേഷണംതന്നെ പി. എ. ക്കു നടത്തേണ്ടിവന്നിരുന്നു.

പി. എ. പല കാലങ്ങളിൽ പാർത്തിരുന്ന പല വീടുകളിലും ചെന്നു ഞാൻ അദ്ദേഹത്തെ സന്ദർശിച്ചിട്ടുണ്ട്. എങ്കിലും, തിരുവനന്തപുരത്ത് പൂജപ്പുരയിലുണ്ടായിരുന്ന സ്വന്തം വീട്ടിലിരുന്ന് മൃദംഗവാദന സാധകം ചെയ്യുന്ന അദ്ദേഹത്തെ, അന്നത്തെ പശ്ചാത്തലത്തിൽ, സ്മരിക്കാനാണ് എനിക്ക് ഇഷ്ടം. അന്ന് അദ്ദേഹത്തിന്റെ കുട്ടികൾ വളർന്നിരുന്നില്ല അദ്ദേഹത്തിന്റെ മുടിയിഴകൾക്കിടയിൽ വെണ്മയുടെ ലാഞ്ഛനപോലും കണ്ടിരുന്നില്ല. കാലം എത്ര വേഗമാണ് ഒഴുകുന്നത്! മുടിയിഴകൾ മുഴുവൻ വെഞ്ചാമരംപോലെ നരച്ച നിലയിലായിരിക്കും ഇന്ന പലരും അദ്ദേഹത്തെ അനുസ്മരിക്കുന്നത്. സംഗീതത്തിൽ അദ്ദേഹത്തിന് അന്നുണ്ടായിരുന്ന കമ്പം ഇന്ന് ആരെങ്കിലും ഓർമിക്കുന്നുണ്ടോ, ആവോ!

മരിക്കുന്നതിന്റെ തലേന്ന് ടെലിഫോണിലൂടെ അദ്ദേഹം എന്നോടു സംസാരിക്കുകയുണ്ടായി. 'സ്വാതന്ത്ര്യത്തിന്റെ കഥ'യിൽ, കേരളത്തിൽ നടന്ന സ്വാതന്ത്ര്യസമരത്തെപ്പറ്റി പ്രതിപാദിക്കുന്നതിന്റെ ചില പ്രശ്നങ്ങളാണ് അപ്പോൾ അദ്ദേഹം ചർച്ചചെയ്തത്. ആ സംഭാഷണത്തിനുശേഷം ഏതാനും മണിക്കൂറുകൾക്കകം അദ്ദേഹം ഈ ലോകത്തോടു വിടപറഞ്ഞു.

വിടപറഞ്ഞുവോ? ഇല്ല. തന്റെ നിതാന്തസഹചാരിയായിരുന്ന കുടുംബിനിയോടുപോലും വിടപറയാതെയാണല്ലോ അദ്ദേഹം ഇഹലോകവാസം അവസാനിപ്പിച്ചത്!

ഊർജസ്വലമായ മനസ്സും ഉദാത്തമായ സൗന്ദര്യബോധവും അവസാനനിമിഷംവരെ കാത്തുസൂക്ഷിച്ച സ്നേഹധനനായ ഈ സുഹൃത്തിന് എന്റെ അന്തിമപ്രണാമം!

(19 ജൂലൈ, 1980)